തീവ്രപ്രകാശമുള്ള ഹെഡ് ലൈറ്റുകൾ

255[T] (3362) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈറേഞ്ച് പ്രദേശങ്ങളിലും മഞ്ഞുവീഴ്ചയുള്ള സ്ഥലങ്ങളിലും മോട്ടോർവാഹനങ്ങളിൽ ഉപയോഗിക്കുന്ന തീവ്രപ്രകാശമുള്ള ഹെഡ് ലൈറ്റുകൾ, ഹൈറേഞ്ച് അല്ലാത്ത പ്രദേശങ്ങളിലും വാഹനങ്ങളിൽ ഉപയോഗിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ഹെഡ് ലൈറ്റുകൾ ഉപയോഗിക്കുന്ന വാഹനങ്ങൾ കണ്ടെത്തുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ;

(സി) ഇത്തരം ഹെഡ് ലൈറ്റുകൾ ഉപയോഗിക്കുന്നതുമൂലം എതിരേ വരുന്ന വാഹനങ്ങൾ അപകടത്തിൽപ്പെടാനിടയുണ്ടെന്നതിനാൽ ഇക്കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തീവ്ര പ്രകാശം പൊഴിക്കുന്നതും, നിയമവിരുദ്ധമായ ലൈറ്റുകൾ ഉപയോഗിക്കുന്നതുമായ വാഹനങ്ങൾ കണ്ടെത്തുന്നതിനായി രാത്രികാല ചെക്കിംഗ് സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ പകൽ സമയത്തും ചെക്കിംഗ് നടത്തുന്ന സമയത്തും വാഹനത്തിൽ നിയമവിരുദ്ധമായ ലൈറ്റുകൾ ഉപയോഗിക്കുന്നുണ്ടോ എന്നുള്ള കാര്യം പരിശോധിക്കാറുണ്ട്.

(സി) ശക്തമായ നടപടി സ്വീകരിക്കുന്നുണ്ട്.

മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിലെ ജോലിഭാരം

256 (3363) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ നിലവിൽ നൽകുന്ന സേവനങ്ങൾ കുറ്റമറ്റ രീതിയിൽ നൽകാവുന്ന വിധം ജീവനക്കാർ ഉണ്ടോ എന്ന് പറയാമോ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly